**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7768**
**23.07.2012-ലെ മറുപടിക്ക്**

**9-ാം ശമ്പളക്കമ്മീഷൻ ഉത്തരവ് പ്രകാരം പാർട്ട് ടൈം അദ്ധ്യാപകരുടെ ശമ്പളം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ബി.സത്യൻ | | ശ്രീ.കെ.എം.മാണി,<br>ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| (എ) | വിദ്യാഭ്യാസ വകുപ്പിൽ 9-ാം ശമ്പള കമ്മീഷൻ ഉത്തരവ് പ്രകാരം പാർട്ട്ടൈം അദ്ധ്യാപകരുടെ ശമ്പളം ഫിക്സ് ചെയ്തപ്പോൾ ചില വിദ്യാഭ്യാസ ഉപജില്ലകളിൽ പാർട്ട്ടൈം സർവ്വീസ്, വെയ്റ്റേജിന് പരിഗണിക്കുകയും, ചില വിദ്യാഭ്യാസ ഉപജില്ലകളിൽ വെയ്റ്റേജിന് പരിഗണിക്കാതിരിക്കുകയും ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | പാർട്ട്ടൈം അദ്ധ്യാപകരുടെ പാർട്ട്ടൈം സർവ്വീസ് ചില വിദ്യാഭ്യാസ ഉപജില്ലകളിൽ വെയ്റ്റേജിന് പരിഗണിക്കുകയും, ചില വിദ്യാഭ്യാസ ഉപജില്ലകളിൽ വെയ്റ്റേജിന് പരിഗണിക്കാതിരിക്കുകയും ചെയ്യുന്നത് സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) | പാർട്ട്ടൈം അദ്ധ്യാപകരുടെ സർവ്വീസ് ഇൻക്രിമെന്റ് ലഭിക്കുന്ന സർവ്വീസ് ആയതിനാൽ, എല്ലാ പാർട്ട്ടൈം അദ്ധ്യാപകരുടെയും ശമ്പള ഫിക്സേഷനിൽ പാർട്ട്ടൈം സർവ്വീസ് വെയ്റ്റേജിന് പരിഗണിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ; | 9-ാം ശമ്പള പരിഷ്കരണത്തിൽ വെയ്റ്റേജിന് പരിഗണിക്കുന്ന ഇൻക്രിമെന്റിന് യോഗ്യമായ സർവ്വീസ് എന്നത് ഫുൾ ടൈം സർവ്വീസാണ്. ആയതിനാൽ പാർട്ട്ടൈം അദ്ധ്യാപകരുടെ പാർട്ട്ടൈം സർവ്വീസ് 9-ാം ശമ്പള പരിഷ്കരണ പ്രകാരം ശമ്പള നിർണ്ണയത്തിന് വെയ്റ്റേജിന് കണക്കാക്കുവാൻ നിർവ്വാഹമില്ല. |
| (സി) | പാർട്ട്ടൈം അദ്ധ്യാപകരുടെ പാർട്ട്ടൈം സർവ്വീസ്, ഇൻക്രിമെന്റ് ലഭിക്കുന്ന സർവ്വീസ് ആയതിനാൽ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്ക് പാർട്ട്ടൈം സർവ്വീസ് പരിഗണിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ? | റഗുലർ എസ്റ്റാബ്ലിഷ്മെന്റിലേക്ക് അബ്സോർബ് ചെയ്യപ്പെടാത്ത പാർട്ട് ടൈം അദ്ധ്യാപകരുടെ പാർട്ട് ടൈം സർവ്വീസ് കണക്കിലെടുത്ത് പെൻഷനും ഗ്രാറ്റുവിറ്റിയും നൽകിവരുന്നുണ്ട്. പാർട്ട് ടൈം സർവ്വീസിൽ നിന്നും ഫുൾ ടൈം സർവ്വീസിലേക്ക് അബ്സോർബ് ചെയ്യപ്പെട്ട അദ്ധ്യാപകർക്ക് അവരുടെ പാർട്ട് ടൈം സർവ്വീസിന്റെ 50% കൂടി കണക്കിലെടുത്ത് നിലവിൽ പെൻഷൻ നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**